Email : keralarcs@coop.kerala.gov.in
Website : www. cooperation. kerala.gov.in
Tel : No. 0471 2330726

സി.ബി(1) 27371/11 സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയതി : 8.11.2012

# സർക്കുലർ നമ്പർ 42/2012

**വിഷയം:** സഹകരണ വകുപ്പ് – സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം– പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: സഹകരണ സംഘം രജിസ്ട്രാറുടെ 25.9.2012 തീയതിയിലെ **40/2012– ാം നമ്പർ സർക്കുലർ**

.................

സംസ്ഥാനത്തെ സമ്പദ് ഘടനയുടെ അവിഭാജ്യ ഘടകമായി മാറിയ സഹകരണ മേഖല അന്താരാഷ്ട്ര സമൂഹത്തോടൊപ്പം 2012 വർഷം സഹകരണ വർഷമായി ആചരിക്കുകയാണ്. കേരളപ്പിറവി ദിനമായ നവംബർ മാസം 1 മുതൽ സംസ്ഥാനത്തെ സഹകരണ മേഖല അഭിമാനകരമായ മുഹൂർത്തങ്ങളിലൂടെ കടന്നു പോകുകയാണ്. അന്താരാഷ്ട്ര സഹകരണ വർഷാചരണത്തിന്റെ ഭാഗമായി 7–മത് സഹകരണ കോൺഗ്രസ്സും, നവംബർ 1 മുതൽ 20 വരെ 'അന്താരാഷ്ട്രാ സഹകരണ എക്സ്പോ–2012' ഉം തൃശ്ശൂരിൽ വെച്ച് നടക്കുകയാണ്. അതോടൊപ്പം സംസ്ഥാനത്തൊട്ടാകെ സഹകരണ മേഖല സഹകരണ വാരാഘോഷവും ആചരിക്കുകയാണ്. ഈ വേളയിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും, പുതിയ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ സമാഹരിക്കുന്നതിനുമായി സഹകരണ മേഖലയിൽ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പലിശ നിരക്ക് ആകർഷകമായി പരിഷ്കരിക്കണമെന്ന് സഹകരണ ബാങ്കുകളും, സഹകാരികളും ആവശ്യപ്പെട്ടിട്ടു ്. ആയത് കണക്കിലെടുത്ത് സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങളും/ബാങ്കുകളും, വിവിധ വാണിജ്യ/പൊതു മേഖലാ ബാങ്കുകളും, സർക്കാർ ട്രഷറിയും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പലിശ നിരക്കുകൾ പരിശോധിക്കുകയും സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പലിശ നിരക്കുകൾ പരിഷ്കരിക്കുന്നത് സഹകരണ മേഖലക്ക് പൊതുവേ ഗുണകരമായിരിക്കുമെന്ന് വിലയിരുത്തുകയും ചെയ്യുകയു ായി. അതിൻ പ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ. നം | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 7.00 | 7.00 | 7.25 | 7.25 | 7.50 | 7.50 |
| 2. | 45 ദിവസം മുതൽ 90 ദിവസം വരെ | 7.50 | 7.50 | 7.75 | 7.75 | 8.00 | 8.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 7.75 | 8.25 | 8.00 | 8.50 | 8.50 | 8.75 |
| 4. | 180 ദിവസം മുതൽ 364 ദിവസം വരെ | 8.00 | 8.50 | 8.50 | 9.00 | 8.75 | 9.25 |
| 5 | 1 വർഷവും അതിനുമുകളിലും | 8.50 | 9.10 | 9.00 | 9.75 | 9.50 | 10.00 |

മേൽ നിരക്കുൾക്കു പുറമേ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് പരമാവധി ½ % നിരക്കിൽ അധിക പലിശ നൽകാവുന്നതാണ്.

പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവീസ് സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന നിരക്കിൽ പലിശ നൽകേ താണ്. സൂചന സർക്കുലറിൽ സേവിംഗ് ബാങ്ക് നിക്ഷേപങ്ങൾക്ക് നിശ്ചയിച്ചു നൽകിയിരുന്ന പലിശ നിരക്ക് മാറ്റമില്ലാതെ തുടരുന്നതാണ്. സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകിയ നിരക്കിൽ അധികരിച്ച നിരക്കിൽ പലിശ നൽകുവാൻ പാടു ള്ളതല്ല. സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുന്നത് ശ്രദ്ധയിൽപെടുകയാണെങ്കിൽ ടി സംഘങ്ങൾ/ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദ് ചെയ്യുന്നതി നുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഒപ്പ്,**
**വി.സനൽകുമാർ ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**